# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 136/2025** **തിരുവനന്തപുരം, തീയതി: 23.06.2025**

# പത്രക്കുറിപ്പ്

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയ്ക്ക് കീഴിൽ കാര്യവട്ടം ക്യാമ്പസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള (ഐ.എം.കെ), സി.എസ്.എസ്. സ്കീമിൽ നടത്തുന്ന വിവിധ എംബിഎ കോഴ്സുകളിലേക്ക് 2025 - 2027 ബാച്ച് പ്രവേശനത്തിന് എംബിഎ (ജനറൽ) – എസ്.ടി. – 2 സീറ്റുകൾ വീതവും എംബിഎ (ട്രാവൽ ആന്റ് ടൂറിസം) – എസ്.സി. – 6, എസ്.ടി. – 2, EWS (BPL) – 3, ഈഴവ – 2 സീറ്റുകൾ വീതവും എംബിഎ ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്സ് – എസ്.ടി. – 1, എസ്.സി. – 1 ഒഴിവുകളിലേക്ക് 2025 ജൂൺ 26 ന് കാര്യവട്ടം ഐ.എം.കെ യിൽ വച്ച് രാവിലെ 10 മണി മുതൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. സ്പോട്ട് അഡ്മിഷൻ രജിസ്ട്രേഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1000/-രൂപയും SC/ST വിഭാഗത്തിന് 500/-രൂപയുമാണ്.

## അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A1 (Deutsch A1) ഹ്രസ്വകാല കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ്ടു/തത്തുല്യം/ഉയർന്ന യോഗ്യത, കോഴ്സ് ഫീ: 8000/- രൂപ, കാലയളവ്: 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം: രാവിലെ 7.30 – 9 മണി വരെ (തിങ്കൾ മുതൽ വെള്ളി വരെ), ആകെ സീറ്റ്: 30, മിനിമം അപേക്ഷകൾ : 10, അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ്105 രൂപയുമാണ്. (സർവകലാശാല ക്യാഷ് കൗണ്ടർ വഴിയോ ഓൺലൈൻ മുഖേനയോ അടയ്ക്കാവുന്നതാണ്). അപേക്ഷാഫോം (https://keralauniversity.ac.in/german) എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (പൂരിപ്പിച്ച അപേക്ഷകൾ 2025 ജൂലൈ 02 ന് വൈകുന്നേരം 4 മണി വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠന വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ A2 (Deutsch A2) ഹ്രസ്വകാല കോഴ്സിന് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/തത്തുല്യ യോഗ്യത & കേരളസർവകലാശാലയിൽ നിന്നുള്ള ജർമ്മൻ A1 (Deutsch A1) സർട്ടിഫിക്കേഷൻ. കോഴ്സ് ഫീ : 9000/- രൂപ, കാലയളവ് : 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം രാവിലെ 7.30 – 9 മണി വരെ (തിങ്കൾ മുതൽ വെള്ളി വരെ), ആകെ സീറ്റ് : 30, മിനിമം അപേക്ഷകൾ : 10, അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയുമാണ് (സർവകലാശാല ക്യാഷ് കൗണ്ടർ വഴിയോ ഓൺലൈൻ മുഖേനയോ അടയ്ക്കാവുന്നതാണ്). അപേക്ഷാഫോം (https://keralauniversity.ac.in/german) എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2025 ജൂലൈ 02 ന് വൈകുന്നേരം 4 മണി വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠന വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

കേരളസർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ നടത്തുന്ന ആറ് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്കും മൂന്ന് മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിലേക്കും അപേക്ഷ ക്ഷണിക്കുന്നു. പ്ലസ്ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം പ്രായപരിധി ഇല്ല അപേക്ഷാഫോം ക്രിസ്ത്യൻ കോളേജ് ലൈബ്രറിയിൽ നിന്ന് ലഭിക്കുന്നതാണ്. ജൂണിൽ ആരംഭിക്കുന്ന ക്ലാസുകളിലേക്ക് താൽപ്പര്യമുള്ള വിദ്യാർത്ഥികൾ 2025 ജൂൺ 30 നകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2024 ഡിസംബറിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബിബിഎ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2019 - 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2018 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2025 ജൂലൈ 2 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## പരീക്ഷാ രജിസ്ട്രേഷൻ

കേരളസർവകലാശാല 2025 ആഗസ്റ്റ് 14 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബിബിഎ (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) (റെഗുലർ - 2024 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2022, 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2016 – 2019 അഡ്മിഷൻ) പരീക്ഷാ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## ടൈംടേബിൾ

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ റെഗുലർ ബിടെക് (2013 സ്കീം) ഏഴാം സെമസ്റ്റർ കോഴ്സ് കോഡിൽ വരുന്ന ബിടെക് പാർട്ട്ടൈം റീസ്ട്രക്ചേർഡ് കോഴ്സ്, അഞ്ചാം സെമസ്റ്റർ (2013 സ്കീം) ജനുവരി 2025, ഏഴാം സെമസ്റ്റർ ഏപ്രിൽ 2025 പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## കേരളസർവകലാശാല ഗസ്റ്റ് അധ്യാപക പാനൽ തയ്യാറാക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയിലെ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് രണ്ട് വർഷ പി.ജി, നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് ഗസ്റ്റ് അധ്യാപക പാനൽ (Hourly basis) തയ്യാറാക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. നിയമനം യു.ജി.സി മാനദണ്ഡങ്ങൾ പ്രകാരമായിരിക്കും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 2025 ജൂൺ 30 ന് മുൻപായി "ദി ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്, കേരളസർവകലാശാല ലൈബ്രറി ബിൽഡിംഗ് (ഒന്നാം നില), പാളയം, യൂണിവേഴ്സിറ്റി പിഒ, തിരുവനന്തപുരം – 695 034 എന്ന വിലാസത്തിൽ അപേക്ഷിക്കണം. അപേക്ഷകളുടെ സൂഷ്മപരിശോധനക്ക് ശേഷം ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടവർ അസ്സൽ

സർട്ടിഫിക്കറ്റ് സഹിതം ഇന്റർവ്യൂവിന് ഹാജരാകണം. ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരെ ഇന്റർവ്യൂ തീയതി ഈ-മെയിലിലുടെ അറിയിക്കുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**